പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 4306 — 19.10.2011-ൽ മറുപടിയ്ക്ക്

# ഇന്നൊവേഷൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇന്നൊവേഷൻ കൗൺസിൽ രൂപീകരിക്കുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ; (ബി) സംസ്ഥാന ആസൂത്രണ ബോർഡിനെയും ഇന്നൊവേഷൻ കൗൺസിലിനെയും സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തന ശൈലി നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ നിലപാട് വിശദമാക്കുമോ ; | (എ) & (ബി) | സംസ്ഥാനത്ത് ഇന്നൊവേഷൻ കൗൺസിൽ രൂപീകരിക്കേണ്ട ആവശ്യം ഇല്ലായെന്ന നിലപാടാണ് മുൻ സർക്കാർ സ്വീകരിച്ചിരുന്നത്. ഈ സർക്കാർ ഇന്നൊവേഷൻ കൗൺസിൽ രൂപീകരണം സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നിർദ്ദേശം പ്ലാനിംഗ് ബോർഡുമായി കൂടിയാലോചിച്ച് പരിശോധിച്ചു വരുന്നു. |
| (സി) പ്രസ്തുത കൗൺസിൽ സംസ്ഥാനത്തിന് അനുയോജ്യമായ പദ്ധതികൾ ഉൾപ്പെടുത്തി വികസന രേഖ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; (ഡി) പ്രസ്തുത പദ്ധതിയിൽ വികസന കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന വയനാട് ജില്ലയുടെ പുരോഗതിക്കാവശ്യമായ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ ? | (സി) & (ഡി) | ഇന്നൊവേഷൻ കൗൺസിൽ നിലവിൽ വന്നതിനുശേഷം ഈ കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ